**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 478** **28-06-2022 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പങ്കാളിത്ത പെൻഷൻ (എൻ.പി.എസ്) സ്കീമിലുള്ള ജീവനക്കാർക്ക് പെൻഷൻ റിവിഷൻ, ഫാമിലി പെൻഷൻ, ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ, പെൻഷൻ ഡി.ആർ, ആശ്രിത നിയമനം, ഇൻവാലിഡ് പെൻഷൻ, എക്സ്ഗ്രേഷ്യ പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ ലഭിക്കുമോ എന്ന് വിശദമാക്കാമോ; | (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം III ബാധകമല്ല. ആയതിനാൽ തന്നെ ഈ വിഭാഗത്തിന് കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾക്കൊന്നും തന്നെ അർഹതയില്ല. എന്നാൽ ആശ്രിത നിയമനം ലഭിക്കുന്നതാണ്. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഒരു ജീവനക്കാരൻ വിരമിക്കുന്ന സമയത്ത് ടിയാൾ തിരഞ്ഞെടുക്കുന്ന അമ്പിറ്റി സർവീസ് പ്രൊവൈഡറിൽ അമ്പിറ്റിയായി നിക്ഷേപിക്കുന്ന തുക എത്രയോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം ലഭ്യമാകുക. |
| (ബി) | പങ്കാളിത്ത പെൻഷനിലും സ്റ്റാറ്റ്യൂട്ടറി പെൻഷനിലും ഉൾപ്പെട്ട സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന പെൻഷൻ ആനുകൂല്യങ്ങളിലുള്ള വ്യത്യാസം എന്തൊക്കെയാണ്? | (ബി) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം III ബാധകമല്ല. ആയതിനാൽ തന്നെ ഈ വിഭാഗത്തിന് കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾക്കൊന്നും തന്നെ അർഹതയില്ല. എന്നാൽ ആശ്രിത നിയമനം ലഭിക്കുന്നതാണ്. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഒരു ജീവനക്കാരൻ വിരമിക്കുന്ന സമയത്ത് ടിയാൾ തിരഞ്ഞെടുക്കുന്ന അമ്പിറ്റി സർവീസ് പ്രൊവൈഡറിൽ അമ്പിറ്റിയായി നിക്ഷേപിക്കുന്ന തുക എത്രയോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം ലഭ്യമാകുക. |

സെക്ഷൻ ഓഫീസർ